പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 3533

04/03/2013 ൽ
മറുപടിക്ക്

## "കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ" വികസന പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ സാംസ്കാരിക കേന്ദ്രമായ "കുഞ്ചൻ നമ്പ്യാർ സ്മാരകത്തിൽ" എന്തു തുകയുടെ വികസന പ്രവർത്തനങ്ങൾ 2006-2011 കാലഘട്ടത്തിൽ നടപ്പിൽ വരുത്തി ; വ്യക്തമാക്കാമോ ; | (എ) | 2006-2011 കാലഘട്ടത്തിൽ 39,25,000/- രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കി. |
| (ബി) പ്രസ്തുത കാലയളവിൽ എന്തു തുക ഗ്രാന്റായി നൽകിയിരുന്നു ; ആയത് എന്തെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചു; വ്യക്തമാക്കാമോ ; | (ബി) | 39,25,000/- രൂപ ഗ്രാന്റായി അനുവദിച്ചു. ആയത് ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പളം, കെടാവിളക്ക് സംരക്ഷണം, യാത്രാചെലവ്, കറന്റ് ചാർജ്ജ്, ടെലിഫോൺ ബിൽ, കുഞ്ചൻ ദിനാഘോഷം, തുള്ളൽ സ്കോളർഷിപ്പ്, അരങ്ങേറ്റ മഹോത്സവം, മരാമത്ത് റിപ്പയർ, സാംസ്കാരിക പരിപാടികൾ, സംഗീത ഉപകരണങ്ങൾ വാങ്ങൽ, തുള്ളൽ വിദ്യാർത്ഥികൾക്ക് ഉഴിച്ചിൽ എന്നീ ആവശ്യങ്ങൾക്ക് വിനിയോഗിച്ചു. |
| (സി) 01/07/2011 മുതൽ 28/02/2013 വരെയുള്ള കാലത്ത് എന്തു തുകയുടെ ധനസഹായം അനുവദിച്ചു ; ആയത് എങ്ങനെ വിനിയോഗിച്ചു; വ്യക്തമാക്കുമോ ; | (സി) | 36,74,000/- രൂപയുടെ സഹായം അനുവദിച്ചു. ആയത് ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പളം, കെടാവിളക്ക് സംരക്ഷണം, യാത്രാചെലവ്, കറന്റ് ചാർജ്ജ്, ടെലിഫോൺ ബിൽ, കുഞ്ചൻ ദിനാഘോഷം, തുള്ളൽ സ്കോളർഷിപ്പ്, അരങ്ങേറ്റ മഹോത്സവം, കെട്ടിട നിർമ്മാണം, സാംസ്കാരിക പരിപാടികൾ, തുള്ളൽ വിദ്യാർത്ഥികൾക്ക് ഉഴിച്ചിൽ എന്നീ ആവശ്യങ്ങൾക്ക് വിനിയോഗിച്ചു. |
| (ഡി) സ്മാരകത്തിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. സ്മാരകത്തിൽ 3 സ്ഥിരം ജീവനക്കാരും, കരാർ വ്യവസ്ഥയിൽ ജോലിചെയ്യുന്ന 8 അദ്ധ്യാപകരും ഉണ്ട്. അദ്ധ്യാപകർക്ക് പ്രതിമാസം നിശ്ചിത സംഖ്യയാണ് ശമ്പളമായി നൽകി വരുന്നത്. സ്ഥിരം ജീവനക്കാർക്ക് സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ